**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1949

07.03.2017- ൽ
മറുപടിക്ക്

**ജനമൈത്രി സുരക്ഷ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.പി.അയിഷാ പോറ്റി** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) ജനമൈത്രി സുരക്ഷ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിൽ ആവശ്യമായ പോലീസുകാരെ ലഭ്യമാക്കിയിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും ജനമൈത്രി സംവിധാനം കൂടുതൽ ഫലപ്രദമാക്കുന്നതിനായി നിലവിലുള്ള സാഹചര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിയും ഡ്യൂട്ടി ക്രമീകരിച്ചും ബീറ്റുകൾ കൃത്യമായി അയയ്ക്കുന്നതിനും ജനകീയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും ജില്ലാ പോലീസ് മേധാവിമാർക്കും ജില്ലാ നോഡൽ ഓഫീസർമാർക്കും എസ്.എച്ച്.ഒ മാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളും നടക്കുന്നു. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് പോലീസ് സ്റ്റേഷനിലെ മറ്റ് ഡ്യൂട്ടികൾ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പോലീസ് സ്റ്റേഷനുകളിലെ നിലവിലെ ജോലിഭാരവും പോലീസ് അംഗബലവും പ്രസ്തുത പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | |
| (സി) ജനമൈത്രി പോലീസ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സ്റ്റേഷനുകൾക്ക് കൂടുതൽ ജീവനക്കാരെ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ